LIBRARY ARCHIVES Kerala Legislative Assembly

വികലാംഗരുടെ നിയമനം

83 (1949) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയെന്ന് ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

പത്തനംതിട്ട ജില്ലയിലെ വനിത എക്സൈസ് ഗാർഡ് നിയമനവും എസ്സി./എസ്റ്റി. സംവരണവും

84 (1950) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ വനിതകളെ എക്സൈസ് ഗാർഡുമാരായി നിയമിക്കുന്നതിന് പത്തനംതിട്ട ജില്ലയിൽ എന്നാണ് പി.എസ്.സി. പരീക്ഷ നടത്തിയത് ; റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു ; എത്ര ഒഴിവിലേക്കാണ് പരീക്ഷ നടത്തിയത് ; എത്ര പേർക്ക് നിയമനം ലഭിച്ചു ; ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ബി) പി.എസ്.സി. നിയമനങ്ങളിൽ സ്വീകരിക്കുന്ന റൊട്ടേഷൻ ചാർട്ട് പ്രകാരം എസ്സി., എസ്റ്റി. വിഭാഗങ്ങളിൽപ്പെടുന്നവർക്ക് പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രാമത്തെ വീതം നിയമനങ്ങളാണ് പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ളത് ; ഇനി പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് എത്രാമതാണ് നിയമനം ലഭിക്കുക ;

(സി) പി.എസ്.സി. നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന തസ്തികകളുടെ എണ്ണത്തിൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ കുറവു വരുത്തിയിട്ടുണ്ടോ ; എത്ര കുറവാണ് വരുത്തിയത് ; എന്തുകൊണ്ടാണ് കുറവു വരുത്തിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ വനിത എക്സൈസ് ഗാർഡുകളുടെ നിയമനത്തിനായി പത്തനംതിട്ട ജില്ലയിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തിയത് 3-9-2011-ലാണ്. ആയതിന്റെ റാങ്ക് ലിസ്റ്റ് 12-2-2014-ന് പ്രസിദ്ധീകരിച്ചു. 15 ഒഴിവുകളിലേക്കാണ് പരീക്ഷ നടന്നത്. 15 പേർക്ക് നിയമനം നൽകി. നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക ചേർക്കുന്നു :

പട്ടിക ജാതി	പുലയ - 2
മുസ്ലീം	1
ലത്തീൻ കത്തോലിക്ക	1
ഹിന്ദു ഈഴവ	2
ഹിന്ദു വീരശൈവ	1
ഓപ്പൺ കാറ്റഗറി	8
ആകെ	15

(ബി&സി) വിവരം ശേഖരിച്ച വരുന്നു.

സർക്കാർ വകുപ്പുകൾ

85 (1951) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് എത്ര സർക്കാർ വകുപ്പുകൾ ഉണ്ടെന്നും ഇവയിൽ എത്ര തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) സർക്കാർ വകുപ്പുകൾ ഒഴിവുകൾ പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് 114 സർക്കാർ വകുപ്പുകളുണ്ട്. ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി വകുപ്പ് മേധാവികൾ സമർപ്പിച്ച രേഖകൾ പ്രകാരം മൂവായിരത്തി അഞ്ഞൂറോളം തസ്തികകളിലായി ആകെ 506556 (അഞ്ച് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി അൻപത്തി ആറ്) ജീവനക്കാരുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ 10-9-2014-ലെ 19493/ഉപ.സി3/2014/ഉഭപവ നമ്പർ പരിപത്രത്തിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly